"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ശ്രീ. അഫ്സൽ സാലു, ശ്രീമതി സൗദാബി എന്നിവർ ചേർന്ന് വിലയ്ക്ക് വാങ്ങിയതും, സോളാർ പാർക്കിനായി കെ.എസ്.ഇ.ബി-ക്ക് അഡ്വാൻസ് പൊസഷൻ നൽകിയ 250 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ.നം. 100/1ബി7-ൽപ്പെട്ട 88 സെന്റ് ഭൂമിക്ക് അടിസ്ഥാനമായ പട്ടയം റദ്ദ് ചെയ്ത ശേഷം പകരം അമ്പലത്തറ വില്ലേജിൽ റീസർവ്വേ 100ൽപെട്ട 78 സെന്റ് ഭൂമിക്ക് ശ്രീ. അഫ്സൽ സാലു, ശ്രീമതി സൗദാബി എന്നിവരുടെ പേരിൽ പട്ടയം നൽകുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.168/2025/RD    തീയതി,തിരുവനന്തപുരം, 08-06-2025

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 26.07.2022 തീയതിയിലെ LR/6220/2021-LIR(J6), 15.03.2023, 17.10.2023 തീയതികളിലെ LR/6220/2021-LRJ10 എന്നീ കത്തുകൾ
2. ശ്രീ.അഫ്സൽ സാലു, ശ്രീമതി സൗദാബി എന്നിവർ സമർപ്പിച്ച 02.09.2023 തീയതിയിലെ സത്യവാങ്മൂലം.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ.നം 100/1ബി 7-ൽ ശ്രീ.കെ.വി കരുണാകരൻ എന്നയാൾക്ക് എൽ.എ 68/91/അമ്പലത്തറ പ്രകാരം പതിച്ചു നൽകിയിരുന്ന ഭൂമിയിൽ നിന്ന് ശ്രീ.അഫ്സൽ സാലു, ശ്രീമതി സൗദാബി എന്നിവർ ചേർന്ന് വിലയ്ക്ക് വാങ്ങിയ 88 സെന്റ് ഭൂമി അമ്പലത്തറ വില്ലേജിൽ സോളാർ പാർക്കിനായി കെ.എസ്.ഇ.ബി-ക്ക് അഡ്വാൻസ് പൊസഷൻ നൽകിയ 250 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത കക്ഷികൾക്ക് റീസ.നം 100-ൽ തന്നെ പകരം ഭൂമി നൽകുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2) ശ്രീ. കെ.വി കരുണാകരൻ എന്നയാൾക്ക് എൽ.എ/68/91/അമ്പലത്തറ പ്രകാരം പതിച്ചു നൽകിയത് ഒരു ഏക്കർ ഭൂമിയാണെന്നും ശ്രീ. അഫ്സൽ സാലു, ശ്രീമതി സൗദാബി എന്നിവർ ചേർന്ന് വിലയ്ക്ക് വാങ്ങിയ ഭൂമി ടി പതിവു ഭൂമിയിൽ ഉൾപ്പെട്ടതാണെന്നും പതിച്ചു നൽകിയ ഭൂമിയിൽ പിന്നീട് ഉണ്ടായ റോഡ് ഒഴിവാക്കി 88 സെന്റാണ് അവശേഷിക്കുന്നതെന്നും

കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഹോസ്ദുർഗ് എസ്.ആർ.ഒയിലെ 2734/2011 നമ്പർ ജന്മാധാര പ്രകാരം ടി കക്ഷികൾ വിലയ്ക്ക് വാങ്ങിയിട്ടുള്ളത് 88 സെന്റാണ്.

3) പ്രസ്തുത സർവേ നമ്പരിൽ റീസർവേ നടത്തുകയോ സബ് ഡിവിഷൻ തിരിക്കുകയോ ചെയ്യിട്ടില്ലാ ത്തതിനാലും, ഭൂമി പതിച്ച് കിട്ടിയ ഗുണഭോക്താക്കൾ അതിർത്തി തിരിച്ച് കൈവശം വയ്ക്കുകയോ അനുഭവങ്ങൾ ഉണ്ടാക്കുകയോ ചെയ്യാത്തതിനാലും, പതിവ് ഭൂമി തിരിച്ചറിയാൻ സാധിക്കാത്തതിനാലാണ് സോളാർ പാർക്കിന് അനുവദിച്ച ഭൂമിയിൽ പതിവ് ഭൂമി കൂടി ഉൾപ്പെട്ട് വന്നിട്ടുള്ളത് എന്നും ഏറ്റെടുത്ത ഭൂമിക്ക് പകരം റി.സ.നം.100-ൽപ്പെട്ട 78 സെന്റ് ഭൂമി അനുവദിക്കണമെന്നും, പ്ലാൻ പുന:ക്രമീകരിച്ച് നൽകണമെന്നും ടി കക്ഷികൾ അപേക്ഷിച്ചിട്ടുള്ളതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യിട്ടുള്ളതാണ്.

4) പ്രസ്തുത ഭൂമി സോളാർ പാർക്കിന് അനുവദിക്കുന്നതിന് മുമ്പ് തന്നെ ശ്രീ.അഫ്സൽ സാല്യ, ശ്രീമതി സൗദാബി എന്നിവരുടെ പേരിലേക്ക് പട്ടയകക്ഷി കൈമാറിയിട്ടുള്ളതാണെന്നും നിയമപരമായ കാലാവധിക്ക് ശേഷമാണ് പട്ടയഭൂമിയുടെ കൈമാറ്റം നടന്നതെന്നും ടി ഭൂമിക്ക് അപേക്ഷകർ നികുതി ഒടുക്കി വരുന്നതായും ടി ഭൂമിക്ക് പകരമായി അപേക്ഷകർക്ക് അനുവദിക്കുവാൻ അമ്പലത്തറ വില്ലേജിൽ സർവേ നമ്പർ 100 ൽ തന്നെ ഭൂമി ലഭ്യമാണ് എന്നും 78 സെന്റ് സ്ഥലമാണ് പകരം നൽകാൻ കണ്ടെത്തി യിട്ടുള്ളതെന്നും റിപ്പോർട്ട് ചെയിട്ടുണ്ട്. ശ്രീ.അഫ്സൽ സാല്യ & ശ്രീമതി സൗദാബി എന്നിവരുടെ വസ്തു സോളാർ പാർക്കിനായി വിട്ടു നൽകുന്നതിനുള്ള സമ്മതം, ടി വസ്തുവിന്മേൽ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം നഷ്ടപരിഹാരത്തിനായി അവകാശവാദം ഉന്നയിക്കില്ലെന്നുള്ള സമ്മതം എന്നിവ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ടി കക്ഷികൾ സമർപ്പിച്ച സത്യവാങ്മൂലവും ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിരുന്നു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പട്ടയകക്ഷി ഭൂപതിവ് ചട്ടപ്രകാരമുള്ള നിശ്ചിത കാലയളവിൽ ഭൂമി കൈവശം വയ്ക്കുകയോ അനുഭവങ്ങൾ ഉണ്ടാക്കുകയോ ചെയ്യിട്ടില്ല എങ്കിലും നിയമപരമായ കാലാവധിക്ക് ശേഷമാണ് കൈമാറ്റം നടന്നതെന്നും പ്രസ്തുത ഭൂമി സോളാർ പാർക്കിന് അനുവദിക്കുന്നതിന് മുമ്പ് തന്നെ ശ്രീ.അഫ്സൽ സാല്യ, ശ്രീമതി സൗദാബി എന്നിവരുടെ പേരിലേക്ക് പട്ടയകക്ഷി കൈമാറിയിട്ടുള്ളതായും കാണുന്നു. ഈ സാഹചര്യത്തിൽ, ശ്രീ.അഫ്സൽ സാല്യ, ശ്രീമതി സൗദാബി എന്നിവർ ചേർന്ന് വിലയ്ക്ക് വാങ്ങിയതും, സോളാർ പാർക്കിനായി കെ.എസ്.ഇ.ബി-ക്ക് അഡ്വാൻസ് പൊസഷൻ നൽകിയ 250 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ, കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ.നം. 100/1ബി 7-ൽപ്പെട്ട 88 സെന്റ് ഭൂമിക്ക് അടിസ്ഥാനമായ എൽ.എ 68/91/അമ്പലത്തറ നമ്പർ പട്ടയം അപേക്ഷകരുടെ അനുവാദത്തോടെ റദ്ദ് ചെയ്ത ശേഷം പകരം അമ്പലത്തറ വില്ലേജിൽ റീസർവ്വേ 100ൽപെട്ട 78 സെന്റ് ഭൂമിക്ക് ശ്രീ. അഫ്സൽ സാല്യ, ശ്രീമതി സൗദാബി എന്നിവരുടെ പേരിൽ പട്ടയം നൽകുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) കാസർഗോഡ് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
ശ്രീ.അഫ്സൽ സാല്യ, സഫ, ചേവായൂർ, കോഴിക്കോട് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).
ശ്രീമതി സൗദാബി, സഫ, ചേവായൂർ, കോഴിക്കോട് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന.)
തഹസീൽദാർ, ഹോസ്ദുർഗ്.
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 08-06-2025 15:05:06
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.